(ബി) അതിൽനിന്നു് എതെങ്കിലും സ്ക്കീം വെട്ടിച്ചുരുക്കാൻ നിർബന്ധിതമായിട്ടുണ്ടോ;

(സി) നെമ്മാറയിലുള്ള പോത്തണ്ടി സ്ക്കീം നടപ്പിൽ വരുത്താൻ നടപടി യെടുക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 6 (ആറു്).

(ബി) ആദ്യം ഉൾപ്പെടുത്തിയിരുന്ന ഒൻപതു പദ്ധതികളിൽ നിന്നു് മൂന്നെണ്ണം കുറവു ചെയ്തിട്ടുണ്ടു്.

(സി) പോത്തണ്ടി സ്കീം ആദ്യം ഉൾപ്പെടുത്തിയിരുന്നെങ്കിലും പ്ലാനിംഗ് കമ്മിഷൻ അതിനു് അനുവാദം നൽകിയിട്ടില്ല. ആ പദ്ധതിയും രണ്ടാം പഞ്ചവത്സര പദ്ധതിയിൽത്തന്നെ ഉൾപ്പെടുത്തുന്നതിനുവേണ്ടി ഗവണ്മെൻറു് വീണ്ടും ശ്രമിച്ചുകൊണ്ടിരിക്കുകയാണു്.

പഞ്ചായത്തു ജൂനിയർ ആഫീസർ.

* 1124. [47] ശ്രീ. ആർ. സുഗതൻ: തഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തു ജൂനിയർ ആഫീസർ ജോലിക്കു് കഴിഞ്ഞ ബഡ്ജറ്റു സമ്മേളനത്തിനുശേഷം, എത്ര അപേക്ഷകൾ പബ്ലിക്കു് സർവ്വീസ് കമ്മിഷനു ലഭിച്ചു;

(ബി) അതിൽ എത്ര അപേക്ഷകരെ നിയമിച്ചു;

(സി) അപേക്ഷകളെപ്പറ്റി അവസാനതീരുമാനം ചെയ്യുന്നതിനു മുൻപു് പബ്ലിക്കു് സർവ്വീസ് കമ്മിഷൻ അപേക്ഷകരെ ഇൻറർവ്യൂ വിനു് ക്ഷണിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഒന്നും ലഭിച്ചിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

S. R. C. Report.

* 1125. [50] SHRI P. BHASKARAN NAIR: Will the Chief Minister be pleased to state:

(*a*) have the State Government informed the Central Government their views on the formation of Kerala State as outlined in the S. R. C. Report; and

(*b*) if so, what are the points of disagreement with the report?

Chief Minister (SHRI PANAMPILLI GOVINDA MENON):

(*a*) Yes.

LIBRARY ARCHIVES Kerala Legislative Assembly